## കേരള സർക്കാർ

തദ്ദേശസ്വയംഭരണ വകുപ്പ് – പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം – സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളുടെ നിയമനം – പരിഷ്ക്കരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്**

**സ.ഉ. (സാധാ) നം. 922/2008/തസ്വഭവ.** **തിരുവനന്തപുരം, തീയതി 27.03.2008**

---

പരാമർശം:– 1) ജി.ഒ. (എം.എസ്.) 244/07/തസ്വഭവ. തീയതി 27.10.2007.
2) ജി.ഒ. (സാധാ) 3066/07/തസ്വഭവ. തീയതി 13.11.2007.
3) ജി.ഒ. (ആർ.റ്റി) 307/08/തസ്വഭവ. തീയതി 30.01.2008
4) എസ്.ആർ.ജി. കൺവീനറുടെ 28.02.2008–ലെ കത്ത്.
5) ശ്രീ. റ്റി.പി. ഗോവിന്ദൻ കുട്ടിയുടെ 27.11.2007–ലെ അപേക്ഷ.

## <u>ഉത്തരവ്</u>

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പദ്ധതി പ്രവർത്തനങ്ങൾക്ക് പിന്തുണാ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥരേയും ഇതര വിഭാഗങ്ങളിലെ വിദഗ്ദ്ധരേയും ഉൾപ്പെടുത്തി സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചു കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (2) ലെ ഉത്തരവ് പ്രകാരം സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് അംഗമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ശ്രീ. ഇ.പി. രത്നാകരൻ (യു.ഡി.സി, ലാന്റ് റവന്യൂ ഓഫീസ്, കോഴിക്കോട്) 30.09.2007–ന് റിട്ടയർ ചെയ്ത സാഹചര്യത്തിൽ ടി ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും ശ്രീ. ഇ.പി. രത്നാകരനെ (റിട്ട. യു.ഡി.സി., ലാന്റ് റവന്യൂ ഓഫീസ്, കോഴിക്കോട്) ഓണറേറിയം വ്യവസ്ഥയിൽ 13.11.2007 മുതൽ പ്രാബല്യത്തോടെ സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി കൊണ്ടും സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ 30.09.2007–ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. ഇ.പി. രത്നാകരൻ 01.10.2007 മുതൽ തന്നെ സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിൽ അംഗമായി പ്രവർത്തിച്ചു വരികയാണെന്നും ആയതിനാൽ ടിയാന്റെ നിയമനത്തിന് 01.10.2007 മുതൽ മുൻകാല പ്രാബല്യം നൽകണമെന്ന സൂചന (4) പ്രകാരമുള്ള എസ്.ആർ.ജി. കൺവീനറുടെ അഭ്യർത്ഥന സർക്കാർ വിശദമായി പരിശോധിക്കുകയും പ്രൊഫഷണൽ ഫീസ് വ്യവസ്ഥയിൽ സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിൽ അംഗമായ ശ്രീ. ഇ.പി. രത്നാകരന്റെ നിയമനത്തിന് 01.10.2007 മുതൽ മുൻകാല പ്രാബല്യം നൽകികൊണ്ട് ഉത്തരവാകുകയും ചെയ്യുന്നു.

പരാമർശം (1) പ്രകാരം സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിൽ അംഗമായി നിയമിതനായ ശ്രീ. ടി.പി. ഗോവിന്ദൻ കുട്ടി (ഡെപ്യൂട്ടി ഡയറക്ടർ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്,

കോഴിക്കോട്) അനാരോഗ്യം മൂലം തന്നെ ചുമതലയിൽ നിന്ന് ഒഴിവാക്കണമെന്ന പരാമർശം (5) –ലെ അപേക്ഷ പരിഗണിച്ചു കൊണ്ട് സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് അംഗമെന്ന നിലയിലുള്ള ചുമതലകളിൽ നിന്നും ടിയാനെ ഒഴിവാക്കികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**അന്നമ്മ ഡാനിയൽ**
അഡീഷണൽ സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് മുഖാന്തിരം)
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, റ്റി.സി. 25/2727(4), ലൂക്ക്സ് ലെയ്ൻ, പുളിമൂട്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഡയറക്ടർ, കില, തൃശ്ശൂർ
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സ്റ്റേറ്റ് പെർഫോമൻസ് ഓഫീസർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

പകർപ്പ്:–

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**